

# പീനട്ട് ബട്ടർ
## *(Bunchosia glandulifera)*

പീനട്ട് ബട്ടർ എന്ന വിളിപ്പേരിൽ അറിയപ്പെടുന്നത് Malpighiaceae എന്ന സസ്യകുടുംബത്തിൽ ഉൾപ്പെടുന്ന ഒരു ചെടിയാണ്. ഇതിൽ നിന്നു ലഭിക്കുന്ന പഴത്തിന്റെ പുറന്തൊലിയും കാമ്പും ഒരു പോലെ ഭക്ഷ്യയോഗ്യമാണ്. തനതായ സുഗന്ധവും പ്രത്യേക മധുരവുമാണ് ഈ പഴത്തിന് ആസ്വാദ്യതയേകുന്നത്.

**ഉത്ഭവം** : മധ്യ അമേരിക്ക, തെക്കേ അമേരിക്ക

**എത്തിച്ചേർന്ന രാജ്യങ്ങൾ** : തെക്കൻ അമേരിക്ക, കരീബിയൻ മേഖല (ഗ്രനഡ, ഗ്വാഡലൂപ്പേ, മാർട്ടിനിക്ക്, മോ്സെറാറ്റ്, പ്യൂർട്ടോ റിക്കോ), വടക്കൻ അമേരിക്ക, പടിഞ്ഞാറൻ അമേരിക്ക, ഗയാന, സൂരിനാം, ബൊളീവിയ, ഇക്വഡോർ, പെറു, ബ്രസീൽ

## വിവരണം

### മരം

നിത്യഹരിത സസ്യം, കുറ്റിച്ചെടിയായോ ചെറുമരമായോ കണക്കാക്കാം. 15 അടി വരെയാണ് ഉയരം വയ്ക്കുക, പഴുക്കുമ്പോൾ പുറന്തൊലിക്ക് ഓറഞ്ച് കലർന്ന മഞ്ഞ നിറം. അനായാസം വളർത്താനും കാര്യമായ പരിചരണം കൂടാതെ പരിപാലിക്കാനും സാധിക്കും. എന്നിരിക്കിലും നല്ല നീർവാർച്ചയുള്ള മണ്ണും നല്ല വെയിലുമാണ് മികച്ച വളർച്ചയ്ക്കു വേണ്ടത്.





### പൂക്കൾ

പൂക്കൾ ഇടതിങ്ങി കുലകളായി കാണപ്പെടുന്നു ഇല ഞെട്ടുകളിൽ നിന്നാണ് പൂങ്കുലകൾ വിരിഞ്ഞിറങ്ങുക. പൂന്തണ്ടിന്റെ ഇരുവശത്തേക്കും പൂക്കൾ വിരിഞ്ഞിറങ്ങുമെങ്കിലും അഗ്രമുകുളം പൂവായി മാറാതെ വളർച്ച തുടരുന്നു. പൂന്തിന് 8-15 സെന്റിമീറ്റർ നീളം, മഞ്ഞനിറമുള്ള ദ്വിലിംഗ പുഷ്പങ്ങളാണുണ്ടാകുക.

### പഴം

പഴങ്ങൾ കുലകളായി കാണപ്പെടുന്നു. പൂർണ വളർച്ചയെത്തിയാലും കായ്കൾ പൊട്ടിത്തുറന്ന് കുരു പുറത്തേക്കു വരുന്നില്ല. ഓരോ പഴത്തിനും രണ്ടര സെന്റിമീറ്റർ നീളം, ദീർഘ ഗോളാകൃതിയോ നീണ്ടുരുണ്ട ആകൃതിയോ, തുടക്കത്തിൽ പഴങ്ങളുടെ പുറന്തൊലിക്ക് പച്ച നിറമായിരിക്കുമെങ്കിലും മൂപ്പെത്തുന്നതനുസരിച്ച് ഓറഞ്ച് നിറത്തിലേക്കും ചുവപ്പു നിറത്തിലേക്കുമെത്തുന്നു. ഇതിൽ നിന്നു വാണിജ്യാടിസ്ഥാനത്തിൽ ഉൽപാദിപ്പിക്കുന്ന പീനട്ട് വെണ്ണയുടെ സുഗന്ധം തന്നെയായിരിക്കും പഴത്തിനും. മൂപ്പെത്തിയാലുടൻ വിളവെടുക്കണം. അല്ലെങ്കിൽ മരത്തിൽ തന്നെ നിന്ന് അവ ഉപയോഗശൂന്യമാകും. പഴങ്ങൾ പച്ചയായി തന്നെ കഴിക്കുകയാണ് സാധാരണയായി ചെയ്യുന്നത്. ജെല്ലി, ജാം, പ്രിസർവുകൾ എന്നിവ തയ്യാറാക്കാനും ഉപയോഗിക്കാം.



## നടീൽ പരിചരണം

**നടീൽ വസ്തു** : വിത്ത് തൈകൾ

**നടീൽ രീതി** : തടങ്ങളെടുത്തോ നടീൽ പാത്രങ്ങളിലോ കൃഷി ചെയ്യാം.

**കുഴിയുടെ അളവ്** : രണ്ട് അടി വീതം നീളം, വീതി, താഴ്ച

**ഇലത്തഴപ്പിന്റെ ഉയരം** : 12 അടി

**ഇലത്തഴപ്പിന്റെ സ്വഭാവം** : ഭാഗികമായി പന്തലിച്ചത്

**വിളവ് ലഭിക്കുന്ന സീസൺ** : ഒന്നിലധികം വിളവെടുപ്പ്

**അനുയോജ്യ നടീൽ പ്രദേശം** : താഴ്‌വാര മേഖലകൾ, നിരപ്പായ പ്രദേശങ്ങൾ, നേരിയ ചെരിവോടു കൂടിയ മലയോര മേഖലകൾ




## അനുയോജ്യമായ വളർച്ചാ സാഹചര്യങ്ങൾ



- **സൂര്യപ്രകാശത്തിന്റെ ആവശ്യം** : നല്ല വെയിൽ മുതൽ ഭാഗികമായ തണൽ വരെ
- **ജലസേചനം** : തൈകൾ വേരു പിടിക്കുന്നതു വരെ നനച്ചുകൊടുക്കണം, മഴക്കാലത്തും മഞ്ഞുകാലത്തും നനയുടെ ആവശ്യമില്ല.
- **മണ്ണിന്റെ സ്വഭാവം** : പൊതുവേ ഏതു തരം മണ്ണിലും വളരും
- **താപനില** : 22-36 ഡിഗ്രി സെൽഷ്യസ്
- **ആപേക്ഷിക ആർദ്രത** : 60-80%
- **സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം** : 2000 അടി വരെ
- **മഴ** : 1000-2500 മില്ലി മീറ്റർ
- **നടീൽ അകലം** : ചുവടുകൾ തമ്മിലും നിരകൾ തമ്മിലും 8 അടി
- **അമ്ലക്ഷാര നില** : 5.5 മുതൽ 6.5 വരെ
- **കൊമ്പുകോതൽ** : ആവശ്യമാണ്
- **വെട്ടിയൊരുക്കൽ** : ആവശ്യമാണ്
- **പരാഗണം** : സ്വയം പരാഗണം

## പോഷണ പരിപാലനം

| വളം | 1–ാം വർഷം | 2–ാം വർഷം | 3–ാം വർഷം | ഇടവേള/സീസൺ |
|---|---|---|---|---|
| എൻപികെ | 100 ഗ്രാം | 150 ഗ്രാം | 200 ഗ്രാം | *വർഷത്തിൽ 2 തവണ |
| കമ്പോസ്റ്റാക്കിയ കാലിവളം | 2 കി. ഗ്രാം | 3 കി. ഗ്രാം | 4 കി. ഗ്രാം | *വർഷത്തിൽ 2 തവണ |
| സൂക്ഷ്മ മൂലകങ്ങൾ | 10 ഗ്രാം | 15 ഗ്രാം | 20 ഗ്രാം | വർഷം 2 തവണ |
| ഡോളൊമൈറ്റ് | 100 ഗ്രാം | 150 ഗ്രാം | 200 ഗ്രാം | മഴക്കാലത്തിനു മുമ്പ് |

*ശുപാർശ ചെയ്തിരിക്കുന്ന വളം പകുതി വീതം രണ്ടു തവണയായി നൽകുക



## ജലത്തിന്റെ ആവശ്യകത

| മരത്തിന്റെ പ്രായം | മരമൊന്നിന് പ്രതിദിനം വേണ്ട വെള്ളം |
|---|---|
| ഒന്നാം വർഷം | 3 ലിറ്റർ |
| രണ്ടാം വർഷം | 5 ലിറ്റർ |
| മൂന്നാം വർഷം | 8 ലിറ്റർ |

